# പതിമൂന്നാം കേരള നിയമസഭ
## ഒന്നാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 865** **30.6.2011 ൽ മറുപടിക്ക്**

അമിത 'ടോൾ' പിരിവ്

**ചോദ്യം**
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. വി. പി. സജീന്ദ്രൻ

**ഉത്തരം**
**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത് വകുപ്പ് മന്ത്രി)**

(എ) സംസ്ഥാനത്ത് ദേശീയപാതയിൽ എവിടെയെല്ലാം''ടോൾ'' പിരിവ് ഏർപ്പടുത്തിയിട്ടുണ്ട്; ടോൾ പിരിവ് ഏർപ്പെടുത്തുന്നതിന്റെ മാനദണ്ഡം എന്ത്;

(എ) സംസ്ഥാനത്ത് ദേശീയപാതയിൽ അമരവിള, ആക്കുളം, ചേറ്റുവ, കോട്ടപ്പുറം, വാരാപ്പുഴ കുണ്ടന്നൂർ, അരൂർ, അറപ്പുഴ എന്നിവിടങ്ങളിലെ പാലങ്ങളിലും, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പമെന്റ് കോർപ്പറേഷന്റെ കീഴിൽ തൃപ്പൂണിത്തുറ, പാലക്കാട്, നന്ദി, മുഴുപ്പിലങ്ങാട് എന്നീ റെയിൽവേ ഓവർ ബ്രിഡ്ജസുകളിലും ടോൾ പിരിക്കുന്നുണ്ട്.

ദേശീയ പാതകളിൽ 1997-ലെ നാഷണൽ ഹൈവേ റൂൾസ് പ്രകാരവും ആർ.ബി.ഡി.സി.കെ കേരളാ റോഡ് ഫണ്ട് ആക്ട് പ്രകാരം സംസ്ഥാന സർക്കാരും പ്രസ്തുത സ്ഥാപനവും തമ്മിലുണ്ടാക്കുന്ന എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണ് ടോൾ പിരിക്കുന്നത്.

(ബി) ടോൾ പിരിവ് സർക്കാർ നേരിട്ടാണോ നടത്തുന്നത്; അതോ സ്വകാര്യ ഏജൻസികളെ ഏൽപിച്ചിട്ടുണ്ടോ;

(ബി) മത്സരാധിഷ്ടിത ടെൻഡറിലൂടെ കരാർ ലഭിക്കുന്ന സ്വകാര്യ ഏജൻസികൾ മുഖേനയാണ് ടോൾ പിരിക്കുന്നത്. എന്നാൽ സ്വകാര്യ ഏജൻസികൾ പണം അടയ്ക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയാൽ പൊതുമരാമത്ത് വകുപ്പ് നേരിട്ട് ടോൾ പിരിക്കാറുണ്ട്.

(സി) ഒരു ഏജൻസിക്ക് ഒന്നിലധികം സ്ഥലങ്ങളിൽ / പാലം/റോഡ് എന്നിവിടങ്ങളിൽ ടോൾ പിരിക്കുന്നതിന് അവകാശം നൽകിയിട്ടുണ്ടോ ?

(സി) ഉണ്ട്

(ഡി) പ്രസ്തുത പാലം നിർമ്മിതിയ്ക്ക് ചെലവായ തുകയുടെ പതിന്മടങ്ങ് പിരിച്ചെടുത്തിട്ടും തുടർന്നും ടോൾ പിരിക്കുന്നത് അവസാനിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

(ഡി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ് ദേശീയ പാതകളിലെ ടോൾ പിരിവിന്റെ മാനദണ്ഡം നിശ്ചയിക്കുന്നത്. 1997 ലെ നാഷണൽ ഹൈവേ റൂൾസ് പ്രകാരം ദേശീയപാതകളിൽ ടോൾ പിരിവ് നിരന്തരമാണ്.

സെക്ഷൻ ഓഫീസർ